പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2992 — 13-03-2018-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.കെ.ബഷീർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ: | (എ) | പരിഷ്കരിച്ച തൊഴിലുറപ്പ് നിയമപ്രകാരം ചുവടെ ചേർത്ത മേഖലകളിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. (എ)-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, (ബി)-സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം, (സി)- ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, (ഡി)-ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവൃത്തികൾ. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നും കാർഷിക മേഖലയെ ഒഴിവാക്കിയിട്ടുണ്ടോ; | (ബി) ും (സി) ും | ഒഴിവാക്കിയിട്ടില്ല. നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 60 ശതമാനവും കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവൃത്തികളാണ്. എന്നാൽ നേരിട്ടുള്ള കാർഷിക പ്രവർത്തനങ്ങൾ (ഞാറുനടീൽ, കൊയത്ത് മുതലായവ) തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല. |
| (സി) | എങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ: | | |
| (ഡി) | പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തിന്റെ സമഗ്ര വളർച്ചക്കായി പ്രത്യുല്പാദനപരമായ മേഖലകൾ ഉൾപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ: | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും തൊഴിലുറപ്പ് പദ്ധതിക്കായി ലഭിച്ച തുക എത്രയായി രുന്നു; എന്തൊക്കെ പ്രവർത്തികളാണ് ടി വർഷം ചെയ്തിട്ടുള്ളത്; ആയതിന് ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കുമോ; | (ഇ) | 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയ്ക്കായി 1854.13 കോടി രൂപ ലഭിച്ചിട്ടുണ്ട്.<br>ടി സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവൃത്തികളും ആനുപാതികമായി ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു. |

| ക്രമ നം | പ്രവൃത്തി | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ | 102347.63 |
| 2 | സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 28992.39 |
| 3 | ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ | 79.68 |
| 4 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 15124.11 |

**സെക്ഷൻ ഓഫീസർ**